Draft #1 of File 35290/AC A7-2/2020/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 10-Sep-2020 07:31 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അൺ എയ്ഡഡ് / സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - കേസരി ആർ ട്സ് ആൻഡ് സയൻസ് കോളേജ്, നോർത്ത് പറവൂർ-- ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിലെ WP(C) NO.21192-19 & 14343-20 എന്നിവയുടെ വിധിന്യായത്തിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജിനെ 2020-21 അദ്ധ്യയന വർഷത്തെ CAP -ൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 4001/AC A 7/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 11.09.2020

---

*പരാമർശം:*-1.സർവ്വകലാശാലാ ഉത്തരവ് നം. Ac AVII/1/1065/02 തീയതി:04/09/2002

2. സർവ്വകലാശാലാ ഉത്തരവ് നം.3503 / ACA7 / 2019/എം.ജി.യു. തീയതി24.7.2019

3.പ്രിൻസിപ്പാൾ, കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ്, നോർത്ത് പറവൂർ- ന്റെ KASC/1300 തീയതി:6/2/2020, KASC/1301 തീയതി:6/2/2020, KASC/1302 തീയതി:6/2/2020 എന്നീ നമ്പറുകളിലെ കത്ത്.

4.കത്ത് നമ്പർ 8780/Ac A7/4/ലീഗൽ തീയതി 12/6/2020.

5. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ WP(C) NO. 21192-19 & 14343-20 എന്നിവയുടെ വിധിന്യായങ്ങൾ

6.ബഹു.വൈസ് ചാൻസലറുടെ 10/8/2020 ലെ ഉത്തരവ്

**<u>ഉത്തരവ്</u>**

കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ്, നോർത്ത് പറവൂർ. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പരാമർശം (1) പ്രകാരം അഫിലിയേറ്റ് ചെയ്തിരുന്ന സ്വാശ്രയ ആർട്സ് & സയൻസ് കോളേജാണ് . അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം പ്രസ്തുത കോളേജിന്റെ അഫിലിയേഷൻ പരാമർശം (2) പ്രകാരം റദ്ദ് ചെയ്തിരുന്നു.

പ്രിൻസിപ്പാൾ, കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ്, നോർത്ത് പറവൂർ , 2020 -21 അദ്ധ്യയന വർഷത്തേക്ക് അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട്, കോളേജ് അഫിലിയേഷൻ ഫീസ്, കോഴ്സ് അഫിലിയേഷൻ ഫീസ്, ഇൻസ്പെക്ഷൻ കമ്മീഷൻ ഫീസ് എന്നിവ ഒടുക്കി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പരാമർശം (3) പ്രകാരം കത്ത് സമർപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം പ്രസ്തുത കോളേജിന്റെ അഫിലിയേഷൻ സിൻഡിക്കേറ്റ് തീരുമാനപ്രകാരം റദ്ദുചെയ്യുകയും തദനുസരണം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നതിനാൽ ടി കോളേജിന് അഫിലിയേഷൻ നീട്ടി നൽകുവാനുള്ള അപേക്ഷ പരിഗണിക്കുവാൻ കഴിയുന്നതല്ല എന്ന വിവരം അറിയിച്ചുകൊണ്ട് പരാമർശം (4) പ്രകാരം സർവ്വകലാശാല കത്ത് അയച്ചിരുന്നു.

ഇതിനെ തുടർന്ന് പ്രസ്തുത കോളേജ് ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ [WP(C)

NO. 21192-19 & 14343 -20] ഫയൽ ചെയ്യുകയും, അതനുസരിച്ച് പരാമർശം (5) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജിനെ 2020-21 അദ്ധ്യയന വർഷത്തെ CAP -ൽ ഉൾപ്പെടുത്തുവാൻ ഉത്തരവാകുകയും ചെയ്തിരുന്നു. പരാമർശം (6) അനുസരിച്ച് ബഹു. വൈസ്-ചാൻസലർ, പ്രസ്തുത കോടതി വിധിക്ക് അനുസൃതമായി കേസരി ആർട്സ് & സയൻസ് കോളേജ്, നോർത്ത് പറവൂറിലെ B.Com.Model II Computer Applications (40), B.Com. Model II Marketing (40), B.Com. Model II Finance & Taxation (40) എന്നീ പ്രോഗ്രാമുകൾ CAP, 2020-ൽ ഉൾപ്പെടുത്തുവാൻ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .പ്രിൻസിപ്പാൾ,കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ് ,നോർത്ത് പറവൂർ .
2 . വി സി/പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/എഫ് ഒ/സി ഇ എന്നിവരുടെ പി.എ -മാർ
4. ജെ. ആർ 2(ഭ.വി. )/ജെ. ആർ 1 (പരീക്ഷ)/ ഡി ആർ 1 (അക്കാദമിക്/എ ആർ 1 (അക്കാദമിക് ).
5. എസി.സി 1, എസി.സി 2 ,ലീഗൽ സെക്ഷൻ/ എസി.ബി 6
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി.
7. റെക്കോർഡ്സ് സെക്ഷൻ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 35290/AC A7-2/2020/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 10-Sep-2020 07:31 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം